# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038 KERALA
PHONE 8499 8234

വാല്യം 5 | 1988 ഏപ്രിൽ 22 | മാനേജിംഗ് കമ്മററി സ്പെഷ്യൽ | ലക്കം 11


# 14.5 കോടിയുടെ ബജററ് സഭ പാസാക്കി

(സ്റ്റാഫ് എഡിററർ)

കോട്ടയം: ഓർത്തഡോക്സ് സഭയുടെ 88–'89 സാമ്പത്തിക വർഷം പതിനാലരക്കോടി രൂപയുടെ ബജററ് സഭാ മാനേജിംഗ് കമ്മററി പാസാക്കി.

കോട്ടയം പഴയസെമിനാരിയിൽ ഏപ്രിൽ 14-ാം തീയതി പ: കാതോലിക്കാ ബാവാ തിരുമനസിലെ അദ്ധ്യക്ഷതയിൽ ചേർന്ന മാനേജിംഗ് കമ്മററി യോഗത്തിൽ സമുദായ സെക്രട്ടറി പോൾ മത്തായി ബജററ് അവതരിപ്പിച്ചു.

വൈദികരുടെ ശമ്പളപരിഷ്കരണവും, ഏകീകരണവും വൈദികേതര സേവകരുടെ സേവന വേതന വ്യവസ്ഥകളുടെ പരിഷ്കരണം; സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ; സമർത്ഥരായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനു വായ്പകൾ; തുടങ്ങിയ ഒട്ടനവധി പുതിയ ഇനങ്ങൾക്ക് ബജററിൽ തുക ഉൾക്കൊളിച്ചിട്ടുണ്ട്. വികസന രംഗത്ത് അടിയന്തിരമായി സഭ ശ്രദ്ധിക്കേണ്ട പല വിഷയങ്ങളും ബജററ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെ ചരമ രജത ജൂബിലി വിപുലമായ തോതിൽ ആഘോഷിക്കുന്നതിനു യോഗം തീരുമാനിച്ചു. മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ പ്രസിഡൻറും, തോമസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ കൺവീനറുമായി ഒരു കമ്മററിയെ ജൂബിലി ആഘോഷങ്ങളുടെ നടത്തിപ്പിനായി തിരഞ്ഞെടുത്തു.

സഭയുടെ വികസന പ്രവർത്തനങ്ങളെപ്പററി ആലോചിക്കുന്നതിനായി മാനേജിംഗ് കമ്മററിയുടെ ഒരു പ്രത്യേക യോഗം ഓഗസ്റ്റ് 23 നു ചേരുവാൻ നിശ്ചയിച്ചു.

## സ്വർണ്ണ മെഡൽ നല്കി



ഫാ: കെ. സി. സഖറിയാ

മൂവാററുപുഴ: കഴിഞ്ഞ 34 വർഷമായി ഭൗതിക നേട്ടങ്ങൾക്കോ, സ്ഥാനമാനങ്ങൾക്കോ വേണ്ടി പരിശ്രമിക്കാതെ സത്യവിശ്വാസത്തിൻെറ കാവൽ ഭടനായി ത്യാഗപൂർവ്വം സേവനമനുഷ്ഠിച്ചുവരുന്ന ഫാ. കെ. സി. സഖറിയായ്ക്കു പ്രശസ്ത സേവനത്തിനുള്ള സ്വർണ്ണ മെഡൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമനസു കൊണ്ട് നല്കി.

(ശേഷം 4-ാം പേജിൽ)

# സഭാ മാനേജിംഗ് കമ്മററി: പ. ബാവാ തിരുമനസിലെ ഉപക്രമ പ്രസംഗം

കർത്താവിൽ നമ്മുടെ സഹോദര മെത്രാപ്പോലീത്തന്മാരെ, വൈദികരെ സഭാ മാനേജിംഗ് കമ്മററിയംഗങ്ങളെ,

പുനരുത്ഥാനം ചെയ്ത യേശുക്രിസ്തുവിൻെറ നാമത്തിൽ നിങ്ങൾക്കു സമാധാനം.

സഭയുടെ പുതിയ സാമ്പത്തിക വർഷത്തെ ബഡ്ജററ് അവതരിപ്പിച്ച് ചർച്ചചെയ്ത് പാസാക്കുന്നതിലേക്കാണ് സഭയുടെ ഈ സമിതി ഇന്ന് ഇവിടെ വിളിച്ചുകൂട്ടിയിട്ടുള്ളത്. അസോസ്യേഷൻ സെക്രട്ടറി പോൾമത്തായി ബഡ്ജററ് അവതരിപ്പിക്കുമെന്നുള്ളതുകൊണ്ട് അതിലേക്കു നാം കടക്കുന്നില്ല.

ഇക്കഴിഞ്ഞ മാർച്ച് 25-നു വി. മൂറോൻ ദേവലോകം അരമന ചാപ്പലിൽവച്ച് കൂദാശ ചെയ്യുകയുണ്ടായി. കൂദാശ എല്ലാം ഭംഗിയായി നടന്നു എന്നതിൽ നാം ദൈവത്തെ അതിയായി സ്തുതിക്കുന്നു. അയ്യായിരത്തിലേറെ ഭക്തജനങ്ങളും നമ്മുടെ വിവിധ ഇടവകകളിൽ നിന്നായി ആറുമണിക്കൂറിലേറെ ദീർഘിച്ച ആ ശുശ്രൂഷയിൽ പങ്കുകൊണ്ട് അനുഗ്രഹം പ്രാപിച്ചു. 10 വർഷങ്ങൾക്കുമുൻപ് ആണ് ഇങ്ങനെ ഒരു കൂദാശ നടന്നിട്ടുള്ളത്. രണ്ടുതവണ ഈ കൂദാശാകർമ്മം നിർവ്വഹിക്കുന്നതിൽ ദൈവം നമുക്ക് അവസരം നല്കിയതിൽ ഒരിക്കലൂടെ ദൈവത്തെ സ്തുതിക്കുന്നു. കാതോലിക്കേററ് പുനഃസ്ഥാപനത്തിനുശേഷം നമ്മുടെ സഭയിൽ ഇത്തവണ നടന്നത് അഞ്ചാമത്തെ മൂറോൻ കൂദാശയായിരുന്നു.

അതുപോലെതന്നെ മററൊരു സംഗതി നാം സന്തോഷപുരസരം അനുസ്മരിക്കുന്നതു മലയാള മനോരമയുടെ ശതാബ്ദി ആഘോഷങ്ങളാണ്. ഭാരതത്തിലെ പ്രഥമ പുരുഷൻ ബഹുമാന്യനായ ആർ. വെങ്കിട്ടരാമനാണ് ആഘോഷച്ചടങ്ങ് ഉദ്ഘാടനം ചെയ്തതു. ആ സമ്മേളനത്തിൽ നാമും സംബന്ധിക്കുകയുണ്ടായി. മനോരമയും നമ്മുടെ സഭയും തമ്മിലുള്ള ബന്ധം വർഗീസ് മാപ്പിളയുടെ കാലത്തുതന്നെ ആരംഭിച്ചിട്ടുള്ളതാണ്. കെ. സി. മാമൻ മാപ്പിളയുടെയും കെ. എം. ചെറിയാൻെറയും കാലഘട്ടത്തിൽ ആ ബന്ധം കൂടുതൽ ആഴമുള്ളതായിത്തീർന്നു. ഇന്ന് ഇപ്പോൾ കെ. എം. മാത്യുവിൻെറ കാലഘട്ടത്തിൽ ആ ബന്ധം കൂടുതൽ ദൃഢകരമായിരിക്കുകയാണ്. ശതാബ്ദി ആഘോഷിക്കുന്ന മനോരമയ്ക്കു നമ്മുടെ സഭയുടെ ആശംസകൾ അവരെ അറിയിച്ചിട്ടുണ്ട്.

പരിശുദ്ധനായ പാമ്പാടി തിരുമേനി സ്ഥാപിച്ച പൊത്തൻപുറം ദയറാപള്ളി പൊളി

(ശേഷം 4-ാം പേജിൽ)

# പെങ്ങാമുക്ക് സംഭവം സഭ പ്രതിഷേധിച്ചു.

കോട്ടയം: കൊച്ചി ഭദ്രാസനത്തിൽപ്പെട്ട പെങ്ങാമുക്ക് പള്ളിയിൽ ഈസ്റ്റർ ആരാധനാവേളയിൽ ഏതാനും ചിലർ കടന്നാക്രമണം നടത്തുകയും ഓർത്തഡോക്സ് വിശ്വാസികളെ മർദ്ദിച്ചവശരാക്കുകയും ചെയ്ത സംഭവത്തിൽ മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മററി പ്രതിഷേധം രേഖപ്പെടുത്തി.

ഈകഴിഞ്ഞ ഏപ്രിൽ പതിനാലാം തീയതി പ.കാതോലിക്കാ ബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കോട്ടയം പഴയ സെമിനാരിയിൽ ചേർന്ന മാനേജിംഗ് കമ്മററി യോഗത്തിൽ ഇതു സംബന്ധിച്ച പ്രതിഷേധ പ്രമേയം ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ അവതരിപ്പിച്ചു. ഫാ. പീററർ ചെറുവത്തൂർ പിന്താങ്ങി.

ഓർത്തഡോക്സ് സഭയ്ക്കനുകൂലമായ കോടതി ഉത്തരവ് ഉണ്ടായിട്ടും ഇപ്രകാരം അനാശാസ്യ നടപടികൾ ഉണ്ടായതിനെപ്പററി നിഷ്പക്ഷമായ അന്വേഷണം നടത്തി കുററക്കാരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും, മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്നും പ്രമേയത്തിലൂടെ കേരളാ ഗവണ്മെൻറി നോട് ആവശ്യപ്പെട്ടിട്ടുണ്ട്.

# പ. ബാവാ സഭയുടെ യശസ്സ് ഉയർത്തി: മാനേജിംഗ് കമ്മററി

സ്റ്റാഫ് എഡിററർ

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ യശസ്സ് ലോകമെങ്ങും വ്യാപിപ്പിക്കുന്നതിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ വഹിച്ചുകൊണ്ടിരിക്കുന്ന പങ്ക് അനിഷേധ്യമാണെന്നു സഭാ മാനേജിംഗ് കമ്മററി അഭിപ്രായപ്പെട്ടു.

കോട്ടയം പഴയ സെമിനാരിയിൽ ഏപ്രിൽ 14-നു ചേർന്ന മലങ്കര സഭാ മാനേജിംഗ് കമ്മററി 82-ാം വയസ്സിലേയ്ക്കു പ്രവേശിച്ച പ. ബാവായ്ക്കു അനുമോദനങ്ങൾ നേർന്നുകൊണ്ട് അവതരിപ്പിച്ച പ്രമേയത്തിലാണ് ഇങ്ങനെ രേഖപ്പെടുത്തിയിട്ടുള്ളത്.

സഭയുടെ വേരുകൾ ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കുകയും, പ. ബാവായുടെ കാലഘട്ടം സഭയുടെ സമഗ്രമായ വളർച്ചയെ പ്രതിഫലിപ്പിക്കുന്നുവെന്നും പ്രമേയത്തിൽ തുടരുന്നു.

തുടർന്നും സഭയെ നയിക്കുന്നതിനു ദീർഘായുസ്സും ആരോഗ്യവും സർവ്വശക്തനോട് അപേക്ഷിച്ചുകൊണ്ട് മാനേജിംഗ് കമ്മററി ആശംസകൾ അർപ്പിച്ചു.

മനോരമ ചീഫ് എഡിററർ കെ. എം. മാത്യു അവതാരകനായ ഈ പ്രമേയത്തിൻെറ അനുവാദകൻ സഭാ ട്രസ്റ്റി പി. സി. ഏബ്രഹാം ആയിരുന്നു.

## അറിയിപ്പ്

കടമ്പനാട്ട സപ്ലിമെൻറ് ഉൾപ്പെടെ ഈ ലക്കം 8 പേജാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. മാനേജിംഗ് കമ്മററി വാർത്തകൾ ചേർത്തിട്ടുള്ളതു കാരണം തുടർപംക്തികൾ ഒഴിവാക്കിയിരിക്കുന്നു.

പത്രാധിപർ

# ബജററ് പ്രസംഗം തുടർച്ച...

### ജനറൽ അക്കൗണ്ട്

ജനറൽ അക്കൗണ്ട് A വിഭാഗത്തിലെ പ്രധാന വരവിനങ്ങൾ, കാതോലിക്കാ ദിനപ്പിരിവിന്റെ പത്തു ശതമാനവും മലങ്കര ചർച്ച് കോഫി എസ്റ്റേററിൽ നിന്നുള്ള അററാദായമായ 30,750/- രൂപായും, രഞ്ചിലാടി എസ്റ്റേററിൽ നിന്നുള്ള 14,000/-രൂപായുമാണ്. കാപ്പിത്തോട്ടത്തിന്റെ ഒരു ഭാഗം കേരളാസ്റ്റേററ് ഇലക്ട്രിസിററി ബോർഡിന്റെ ആവശ്യത്തിന് പൊന്നുംവിലയ്ക്ക് എടുത്തതു കൊണ്ടാണ് അതിൽനിന്നുള്ള വരുമാനം കുറഞ്ഞത്.

ജനറൽ അക്കൗണ്ട് B വിഭാഗത്തിലെ വരവിനം, പ. സുന്നഹദോസ് പാസ്സാക്കിയ പരുമല സെമിനാരി ബജററനുസരിച്ച് ജനറൽ അക്കൗണ്ടിലേക്ക് മാററുന്ന 20 ലക്ഷം രൂപയാണ്. ഇതിന്റെ കൂടെ ഡവലപ്മെൻററ് ഫണ്ടിൽനിന്നുള്ള 25,76,925 രൂപാ കൂടെ ഉണ്ടെങ്കിൽ മാത്രമെ ബജററ് സമീകരിക്കുവാൻ സാധിക്കുകയുള്ളു.

മാനേജിംഗ് കമ്മററിയുടെയും, പ. സുന്നഹദോസിന്റെയും തീരുമാനമനുസരിച്ച് പീരുമേട് താലൂക്കിൽ 108 ഏക്കർ സ്ഥലം വാങ്ങുന്നതിന് 12 ലക്ഷം രൂപാ ബജററു ചെയ്തിട്ടുണ്ട്. വൈദികരുടെ ശമ്പള പരിഷ്കരണത്തിന് നാലു ലക്ഷം രൂപായും, ഇരവിപേരൂർ സെ. മേരീസ് ഹോസ്പിററലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപായും, അവികസിത പള്ളികൾക്കും, കാതോലിക്കേററ് സെൻററുകൾക്കും ഗ്രാൻററ് കൊടുക്കുന്നതിന് 3 ലക്ഷം രൂപായും, മെത്രാസന കേന്ദ്രങ്ങളുടെ നിർമ്മാണത്തിന് ഗ്രാൻററായി 5 ലക്ഷം രൂപായും വക കൊള്ളിച്ചിട്ടുണ്ട്. ലോൺ തിരിച്ചുകൊടുക്കുന്നതിന് കൊള്ളിച്ചിട്ടുള്ള 5 ലക്ഷം രൂപാ മുഖ്യമായും പുതുപ്പള്ളി പാറേട്ട് മാർ ഈവാനിയോസ് ആശുപത്രിയുടെ കെട്ടിടനിർമ്മാണത്തിനായി കടമെടുത്ത തുക തിരിച്ച് കൊടുക്കുവാനാണ്.

1988 ഫെബ്രുവരിയിൽ കൂടിയ എപ്പിസ്കോപ്പൽ സുന്നഹദോസ് പാസാക്കിയ പരുമല സെമിനാരിയുടെ 1987-88 ലെ സപ്ളിമെൻററി ബജററ് അനുസരിച്ച് 22 ലക്ഷം രൂപാ ജനറൽ അക്കൗണ്ടിലേക്ക് മാററിയിരുന്നു. അതിൽ 5 ലക്ഷം രൂപാ ഡയോസിസൻ സെൻററുകളുടെ വികസനത്തിന് നൽകുകയുണ്ടായി (ബോംബെ-3 ലക്ഷം, കല്ക്കട്ട-1 ലക്ഷം, തിരുവനന്തപുരം-1 ലക്ഷം) മലങ്കര ഓർത്തഡോക്സ് ചർച്ച് എഡ്യൂക്കേഷനൽ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ കർണ്ണാടക സ്റേററിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന കാതോലിക്കേററ് കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ ആവശ്യത്തിനായി 50 ഏക്കർ സ്ഥലം വാങ്ങുന്നതിന് ലോണായി 15 ലക്ഷം രൂപാ ഈ ഇനത്തിൽനിന്ന് അനുവദിച്ചിട്ടുണ്ട്. സാധുക്കൾക്കുള്ള ഭവനനിർമ്മാണത്തിനായി 58,000 രൂപായും, മററിനങ്ങൾക്ക് 1,42,000 രൂപായും ചേർത്ത് 22 ലക്ഷം രൂപായുള്ള സപ്ളിമെൻററി ബജററ് 18-3-1988-ൽ കൂടിയ വർക്കിംഗ് കമ്മററി പാസ്സാക്കിയിട്ടുണ്ട് എന്ന വിവരം ഈ കമ്മററിയിൽ റിപ്പോർട്ട് ചെയ്യുവാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു.

### മലങ്കര ചർച്ച് കോഫി എസ്റ്റേററ്

തോട്ടത്തിലുള്ള പള്ളി പൊളിച്ച് ആ സ്ഥാനത്തുതന്നെ പുതിയ ഒരു പള്ളിയുടെ പണി 1987-88-ൽ ആരംഭിച്ചെങ്കിലും പൂർത്തിയാക്കുവാൻ സാധിച്ചില്ല. അതു പൂർത്തിയാക്കുന്നതിന് 1988-89-ൽ 35,000 രൂപാ നീക്കിവച്ചിട്ടുണ്ട്.

ഈ തോട്ടത്തിൽനിന്ന് കേരളാസ്റ്റേററ് ഇലക്ട്രിസിററി ബോർഡിന്റെ ആവശ്യത്തിന് അക്വയർ ചെയ്ത 1.5296 ഹെക്ടർ സ്ഥലത്തിന്റെ വില അഡ്വാൻസായി 1986-87-ൽ കിട്ടിയ 3,45,000 രൂപാ കൂടാതെ 1,94,000 രൂപാ കൂടെ 1987-88-ൽ കിട്ടിയിട്ടുണ്ട്. വില കുറഞ്ഞു പോയതിലുള്ള പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ടാണ് ഈ തുക വാങ്ങിയിട്ടുള്ളത്. കോടതിയുടെ തീരുമാനമനുസരിച്ച് കുറച്ച് തുക കൂടെ ലഭ്യമാകുമെന്ന് പ്രതീക്ഷയുണ്ട്. ഈ തോട്ടത്തിന്റെയും, പീരുമേട് പള്ളിക്കുന്ന് വസ്തുവിന്റെയും മാനേജരായി തുടരുന്നത് വന്ദ്യ ദിവ്യശ്രീ ബസ്കീപ്പാ റമ്പാനാണ്. പരിചയ സമ്പന്നനായ അദ്ദേഹത്തിന്റെ വിലപ്പെട്ട സേവനം പുതുതായി വാങ്ങുവാനുദ്ദേശിക്കുന്ന തോട്ടത്തിന്റെ കാര്യത്തിലും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

### ഇരവിപേരൂർ സെ. മേരീസ് ഹോസ്പിററൽ

1987-88-ൽ ജനറൽ അക്കൗണ്ടിൽനിന്ന് ഈ ആശുപത്രിയുടെ മൂലധനച്ചെലവിനായി നീക്കിവച്ചിരുന്ന 2,50,000 രൂപാ ചെലവായിട്ടില്ല. ആശുപത്രി വികസിപ്പിക്കുന്നതിനാവശ്യമായ കെട്ടിട നിർമ്മാണത്തിന് ഈ വർഷം 4 ലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ട്. ആശുപത്രിയുടെ വരവ് ചെലവിനങ്ങൾക്ക് മതിയാകുന്നില്ല. 14,000 രൂപാ പോരാതെ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആശുപത്രിയുടെ സമീപത്ത് സ്ഥലം വാങ്ങി ചീഫ് മെഡിക്കൽ ഓഫീസർക്ക് താമസിക്കുന്നതിനാവശ്യമായ വീട് നിർമ്മിച്ചിട്ടുണ്ട്. ഈ ആവശ്യത്തിന് ജനറൽ അക്കൗണ്ടിൽനിന്ന് 5 ലക്ഷം രൂപായോളം ചെലവ് വന്നിട്ടുണ്ട്. ആശുപത്രി കാര്യങ്ങൾ ശരിപ്പെടുത്തുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടിയിരിക്കുന്നു. ഇരവിപേരൂർ ഹൈസ്കൂളിന്റെ ഹെഡ്മാസ്റ്റർ ശ്രീ കെ. സി. മാത്യു ഇപ്പോൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചുകൊണ്ടിരിക്കുന്നു.

### വെട്ടിക്കൽ സെൻററ് തോമസ് ദയറാ

ദയറാ കോമ്പൗണ്ടിലെ റബർ കൃഷിയിൽനിന്ന് ആദായം കിട്ടിത്തുടങ്ങിയിട്ടില്ല; കൃഷി ആവശ്യത്തിനും അററകുററപ്പണികൾക്കും മററുമായി 1987-88-ൽ ജനറൽ അക്കൗണ്ടിൽനിന്ന് വിനിയോഗിക്കുവാൻ നിശ്ചയിച്ചിരുന്ന 25,000/-രൂപായിൽ കാർഷികാവശ്യത്തിന് 8,000/-രൂപാ മാത്രമെ ഉപയോഗിച്ചിട്ടുള്ളു. തന്നാണ്ടിൽ ജനറൽ അക്കൗണ്ടിൽനിന്ന് കൊടുക്കുവാൻ വകകൊള്ളിച്ചിട്ടുള്ളത് 38,600/- രൂപായാണ്. അടുക്കളപ്പുര പൊളിച്ചു പണിയുന്നതിനാണ് ഈ തുക പ്രധാനമായും ഉപയോഗിക്കുവാനുദ്ദേശിക്കുന്നത്. ദയറായുടെ മാനേജരായി ദിവ്യശ്രീ വാലയിൽ എബ്രഹാം അച്ചൻ കാര്യക്ഷമതയോടെ പ്രവർത്തിച്ചു വരുന്നു.

### മാർ ഡയനീഷ്യസ് സെൻറർ കെട്ടിടങ്ങൾ

ആദ്യം നിർമ്മിച്ച കെട്ടിടത്തിലെ പല മുറികളുടെയും വാടകനിരക്ക് കുറവാണ്. ചുരുക്കം ചിലതിന്റെ വാടക വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ട് വാർഷിക വാടകയിൽ ഉദ്ദേശം 14,000/- രൂപായുടെ വർദ്ധനവ് പ്രതീക്ഷിക്കുന്നു. കുടിശ്ശികക്കാർക്കെതിരായുള്ള ചില കേസ്സുകൾക്ക് തീരുമാനമുണ്ടാകാനിടയുള്ളതുകൊണ്ട് വാടകക്കുടിശ്ശിക കൂടുതലായി ഈടാക്കുവാനും സാദ്ധ്യതയുണ്ട്.

പഴയ കെട്ടിടത്തിന്റെ 3-ാം നില പണിയേണ്ടതു് കെട്ടിടത്തിന്റെ സുരക്ഷിതത്വത്തിനു തന്നെ ആവശ്യമാണ്. ഏകദേശം 10 ലക്ഷം രൂപാ ചെലവ് പ്രതീക്ഷിക്കുന്ന ഈ നില പൂർത്തിയാകുമ്പോൾ വാടകയ്ക്ക് കൊടുക്കത്തക്കവണ്ണം ഉദ്ദേശം 7000 ചതുരശ്ര അടി സ്ഥലംകൂടി ലഭ്യമാകും. ഈ 3-ാം നില പണിയുന്നതിനുള്ള കോട്ടയം ഡവലപ്മെൻററ് അതോറിററിയുടെ ശുപാർശ മുനിസിപ്പാലിററിക്ക് കൊടുത്തു കഴിഞ്ഞു. ഗവണ്മെൻററിൽനിന്ന് അനുവാദം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി എം. ഡി. സി സെൻറർ ഫണ്ടിൽ നിന്നുള്ള 2 ലക്ഷം രൂപാ കൂടാതെ 2 ലക്ഷം രൂപാ ജനറൽ ഫണ്ടിൽ നിന്നും നീക്കിവച്ചിട്ടുണ്ട്. ഡവലപ്മെൻററ് ഫണ്ടിൽനിന്ന് 6 ലക്ഷം രൂപായും പ്രതീക്ഷിക്കുന്നു.

എം. ഡി. സെമിനാരി കോമ്പൗണ്ടിൽ നിർമ്മിക്കുവാനുദ്ദേശിക്കുന്ന ഓഡിറേറാറിയത്തിന്റെ പ്ലാനും, ഡിസൈനും തയ്യാറാക്കിക്കഴിഞ്ഞു. 3000 പേർക്ക് ഇരിക്കാവുന്ന ഹാളും മററ് സൗകര്യങ്ങളും ഉൾക്കൊള്ളുന്ന ഈ ഓഡിറേറാറിയത്തിന്റെ താഴെ 22,000 ചതുരശ്ര അടി ഗോഡൗൺസ്ഥലം ഉണ്ടായിരിക്കുന്നതാണ്. ഏകദേശം 75 ലക്ഷം രൂപാ ചെലവ് പ്രതീക്ഷിക്കുന്ന ഈ ഓഡിറേറാറിയത്തിന് അടുത്ത വർഷത്തേക്ക് 10 ലക്ഷം രൂപയാണ് ഡവലപ്മെൻററ് ഫണ്ടിൽനിന്നും പ്രതീക്ഷിക്കുന്നത്.

നിർമ്മാണം ആരംഭിച്ചു കഴിഞ്ഞ പരുമല ഓഡിറേറാറിയത്തിന്റേതുപോലെതന്നെ മേല്പറഞ്ഞ ജോലികളുടേയും പ്രവർത്തനങ്ങൾ വിദഗ്ധമായി കൈകാര്യം ചെയ്യുന്നത് എഞ്ചിനീയർ എ. എം. മാത്യു ഡയറക്ടറായിട്ടുള്ള സഭയുടെ എ. ഇ. ബി. വിംഗ് ആണ്.

### മലങ്കര ഓർത്തഡോക്സ് ചർച്ച് ഡവലപ്മെൻററ് ഫണ്ട്

സഭയുടെ ദൈനംദിന പ്രവർത്തനങ്ങൾ മിക്കവാറും നിറവേററുന്നത് പ്രധാനമായും കാതോലിക്കാ ദിനപ്പിരിവും, എം. ഡി. സി. സെൻറർ കെട്ടിടങ്ങളുടെ വാടകയുംകൊണ്ടാണ്. ചില പ്രത്യേക ആവശ്യങ്ങൾക്കായി മാത്രമാണ് പരുമല സെമിനാരിയിൽനിന്ന് ജനറൽ അക്കൗണ്ടിലേക്ക് മാററുന്ന സംഖ്യ ഉപയോഗിക്കുന്നത്. അതുകൊണ്ട് കാര്യമായ ഉന്നമന പ്രവർത്തനങ്ങൾ ആരംഭിച്ച് മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ നമ്മൾ വിഭാവന ചെയ്തിരിക്കുന്ന മലങ്കര ഓർത്തഡോക്സ് ചർച്ച് ഡവലപ്മെൻററ് ഫണ്ട് സാക്ഷാത്ക്കരിക്കണം. ഫണ്ടു പിരിവ് എത്രമാത്രം വിജയകരമാകുന്നുവോ അതനുസരിച്ചേ വികസനപ്രവർത്തനങ്ങളും ഉണ്ടാകുകയുള്ളു.

1987-88 മുതൽ ഓരോ വർഷവും 15 ലക്ഷം രൂപാ വീതം ശേഖരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ടാണ് 1987-88 ബജററ് തയ്യാറാക്കിയത്. അതായത് സംഭാവന കൂപ്പൺ വിററ് 8 ലക്ഷം രൂപായും, ബോണ്ട് പുറപ്പെടുവിച്ച് 7 ലക്ഷം രൂപായും, ഈ ഇനങ്ങളിൽ 1987-88 ൽ ഒന്നും ലഭിച്ചില്ല. എങ്കിലും ആ കുറവു കൂടെ നികത്തി 1988-89-ൽ 30 ലക്ഷം രൂപാ ശേഖരിക്കാമെന്ന് കരുതിയാണ് ബജററ് തയ്യാറാക്കിയിരിക്കുന്നത്. പി. ജെ. കോശി, എം. ജി. ജോർജ്ജ് മുത്തൂററ്, മത്തായി മാത്യൂസ് ബോംബെ മുതലായവരുടെ ചുമതലയിൽ ഉള്ള കമ്മററിയുടെ ശ്രമഫലമായി തന്നാണ്ടിൽ പിരിയുമെന്ന് പ്രതീക്ഷിക്കുന്ന 120 ലക്ഷം രൂപായും ചേർത്ത് 150 ലക്ഷം രൂപായുടെ ഡവലപ്മെൻററ് ഫണ്ടാണ് 1988-89 ൽ നമ്മുടെ മുമ്പാകെയുള്ളത്. ഈ തുക പിരിഞ്ഞുകിട്ടുമെന്നും, ചെലവിനങ്ങളിൽ വിവരിക്കുന്ന എല്ലാ കാര്യങ്ങൾക്കുമുള്ള പണം

(ശേഷം 4-ാം പേജിൽ)

## എഡ്യൂക്കേഷൻ സൊസൈററിയിൽ 233 അംഗങ്ങൾ

സ്റ്റാഫ് എഡിററർ

രണ്ടുവർഷം മുമ്പ് ആരംഭിച്ച മലങ്കര ഓർത്തഡോക്സ് ചർച്ച് എഡ്യൂക്കേഷൻ ആൻറ് സോഷ്യൽ സർവ്വീസ് സൊസൈററിയിൽ ഇപ്പോൾ 233 വ്യക്തികളും, 16 സ്ഥാപനങ്ങളും അംഗങ്ങളായുണ്ടെന്നും, സഭയുടെ ജനറൽ അക്കൗണ്ടിൽ നിന്ന് ഒരുലക്ഷത്തി മുപ്പത്തീരായിരത്തി നാനൂററി ഇരുപത്തിരണ്ടു രൂപാ സൊസൈററിക്ക് വായ്പയായി നല്കിയിട്ടുണ്ടെന്നും സമുദായം സെക്രട്ടറി പോൾ മത്തായി മാനേജിംഗ് കമ്മററിയിൽ വെളിപ്പെടുത്തി. ഇതു സംബന്ധിച്ച് തിരുവനന്തപുരം ഭദ്രാസനത്തിൽനിന്നുള്ള പ്രൊഫ: പി. ഒ. ജോണിന്റെ ചോദ്യത്തിന് മറുപടിയായിട്ടാണ് ഈ കാര്യം അദ്ദേഹം സഭയെ അറിയിച്ചത്.

സൊസൈററി സഭയുടെ നേരിട്ടുള്ള ഭരണത്തിൽ അല്ലാത്തതിനാൽ അതിന്റെ കണക്കുകൾ സി. ഷെഡ്യൂളിൽ മാത്രമേ പെടുകയുള്ളുവെന്നും ആയതു് മാനേജിംഗ് കമ്മററിയുടെ അറിവിനുവേണ്ടി പ്രസിദ്ധപ്പെടുത്താവുന്നതാണെന്നും പ്രൊഫ: പി. ഒ. ജോണിന്റെ മറെറാരു ചോദ്യത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചു.

 മാനേജിംഗ് കമ്മററി സ്പെഷ്യൽ

# ബജററ് പ്രസംഗം തുടർച്ച...

(4-ാം പേജിൽനിന്നും തുടർച്ച)

കണ്ടെത്താൻപ്രയാസം ഉണ്ടാകുകയില്ലെന്നുമുള്ള ശുഭപ്രതീക്ഷയാണ് എനിക്കുള്ളത്. ഈ കാര്യത്തിൽ എല്ലാ മാനേജിംഗ് കമ്മററി അംഗങ്ങളുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു. മേല്പറഞ്ഞ കമ്മററിയുടെ പ്രോജക്ട് റിപ്പോർട്ട് കൂടുതൽ ചർച്ചകൾക്കായി മാററിവച്ചിരിക്കുകയാണല്ലോ. പ്രസ്തുത റിപ്പോർട്ടിൻെറ അംഗീകരണത്തിന് വിധേയമായി മാത്രമെ ഈ ബജററിൽ വിവരിച്ചിരിക്കുന്നകാര്യങ്ങൾ നടപടിയിൽ വരികയുള്ളു.

## പരുമല സെമിനാരി

പരുമല സെ. ഗ്രീഗോറിയോസ് ഓഡിറേറാറിയത്തിൻെറ നിർമ്മാണം തൃപ്തികരമായി പുരോഗമിക്കുന്നു എന്നു് പ്രസ്താവിക്കുന്നതിൽ സന്തോഷമുണ്ട്. 1989 ആരംഭത്തോടെ ഓഡിറേറാറിയത്തിൻെറ പണി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നതു്.

പരുമല സെമിനാരിയിലേക്കുള്ള അപ്രോച്ച് റോഡുകളുടെ ടാറിംഗ് പൂർത്തിയായിട്ടുണ്ട്. കൂടുതൽ സ്ഥലങ്ങൾ വാങ്ങുന്നതിനും. പരുമലത്തിരുമേനിയുടെ നാമത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്നതിനും ആലോചനയുണ്ട്.

(1—ാം പേജിൽനിന്നും തുടർച്ച)

ഫാ. സഖറിയായുടെ ഷഷ്ഠിപൂർത്തി ആഘോഷങ്ങളോടനുബന്ധിച്ച് മുടവൂർ കാതോലിക്കേററ് സെൻററിൽ കൂടിയ പൊതു സമ്മേളനത്തിൽവച്ച് പ. ബാവാ തിരുമേനിക്കുവേണ്ടി റമ്പാൻ തെയോഫോറസ് കോർ എപ്പിസ്കോപ്പാ സ്വർണ്ണ മെഡൽ അദ്ദേഹത്തെ അണിയിക്കുകയും അനുമോദനകല്പന വായിക്കുയുംചെയ്തു. ഫാ. ജേക്കബ് മണ്ണാറപ്രായിൽ, ഫാ. ജോൺ തോമസ് ഫാ. ഒ. സി. വറുഗീസ്; ഫാ. എം. വി. പൗലൂസ്; പ്രൊഫ. പി. ഐ. ഡാനിയേൽ; മാത്യു മംഗലത്തു്, മുടവൂർ, കെ. കുമാർ, പായിപ്ര പഞ്ചായത്തു പ്രസിഡൻറ് ജോയി മടക്കക്കൊട്ടിൽ എന്നിവർ പ്രസംഗിച്ചു.

പ്രൊഫ. പി. സി. ഏലിയാസ് സ്വാഗതവും, കെ. പി. ഏബ്രഹാം കൃതജ്ഞതയും പറഞ്ഞു.

മുടവൂർ ഇടവകയും അങ്കമാലി ഭദ്രാസനവും ഫാ. സഖറിയാസ്സ് പാരിതോഷികങ്ങൾ നൽകി.

ഇപ്പോൾ ഇദ്ദേഹം മുടവൂർ കാതോലിക്കേററ് സെൻറർ വികാരിയായും, വട്ടശ്ശേരിൽ മാർ ഡയനീഷ്യസ് ഹോം സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചുവരുന്നു.

പരുമലപ്പള്ളിയിൽ ദിനംതോറും, പ്രത്യേകിച്ച് വിശേഷ ദിവസങ്ങളിൽ തടിച്ചുകൂടുന്ന ഭക്തജനങ്ങൾക്ക് ആരാധനയിൽ സംബന്ധിക്കുവാൻ

(1—ാം പേജിൽനിന്നും തുടർച്ച)

ച്ചുപണിയേണ്ടിയിരിക്കുന്നു. അതിൻെറ പുനർനിർമ്മാണ കാര്യത്തിൽ കോട്ടയം മെത്രാസനത്തിന് കൂടുതൽ ചുമതലയുണ്ട് എന്നുള്ള കാര്യവും നിങ്ങളുടെ അറിവിലേക്ക് പ്രസ്താവിച്ചുകൊള്ളുന്നു.

പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ചരമ ജൂബിലി ആഘോഷിക്കുന്നതിന് പ. സുന്നഹദോസ് നിയുക്തകാതോലിക്കാ മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്താ പ്രസിഡൻറായി ഒരു കമ്മററിയെ നിയമിച്ചിട്ടുണ്ട്. ആഘോഷ പരിപാടികൾ അങ്ങേയററം വിജയിപ്പിക്കുന്നതിനു് നിങ്ങളും വേണ്ടവിധത്തിൽ പ്രവർത്തിക്കണം. ആ വിഷയവും ഇന്നത്തെ അജണ്ടായിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

റഷ്യൻ സഭയുടെ സഹസ്രാബ്ദി ആഘോഷങ്ങളിൽ പങ്കെടുക്കുവാൻ പ. സുന്നഹദോസ് നമ്മുടെ തിരുമേനിമാരുടെ ഒരു പ്രതിനിധി സംഘത്തെ നിയോഗിച്ചിട്ടുണ്ട്.

നമ്മുടെ എഡ്യൂക്കേഷൽ സൊസൈററിയുടെ കണക്കുകൾ ഓഡിററുചെയ്യുന്നതിന് സമുദായ ഓഡിററർ ശ്രീമാൻ ഉണ്ണൂണ്ണിപോളിനെ നിയമിച്ച വിവരവും നിങ്ങളുടെ അറിവിലേക്ക് പ്രസ്താവിക്കുന്നു. കർണ്ണാടകാ സ്റ്റേററിൽ ആരംഭിക്കുന്ന കാതോലിക്കേററ് കോളെജ് ഓഫ് എഞ്ചിനീയറിംഗിനു് സ്ഥലം വാങ്ങുന്നതിലേക്ക് സഭയിൽനിന്നും പണം കടമായി കൊടുത്തിട്ടുണ്ടെന്ന വിവരവും നിങ്ങളുടെ അറിവിലേക്ക് പ്രസ്താവിച്ചുകൊള്ളുന്നു.

വൈദീകരുടെ ശമ്പള പരിഷ്കരണവും ഏകീകരണവും സംബന്ധിച്ച വസ്തുതകൾ സെക്രട്ടറിയുടെ ബഡ്ജററ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് അറിയുന്നതു്. അതുകൊണ്ട് ആ വിഷയം നാം പരാമർശിക്കുന്നില്ല.

സെക്രട്ടറിയുടെ കഴിഞ്ഞ ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്ന മിക്ക കാര്യങ്ങളും നടപ്പിൽവന്നുകഴിഞ്ഞു. ബാക്കിയുള്ള കാര്യങ്ങളുടെ നടപടികളും പൂർത്തിയായിവരുന്നു. അതോടൊപ്പം ഒരു ചർച്ച് അക്കൗണ്ട്സ് കമ്മററി രൂപീകരിക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ചും നിങ്ങൾ ചിന്തിക്കേണ്ടതുണ്ട്.

അതുപോലെതന്നെ നമ്മുടെ ഈ യോഗത്തിനും ചില ക്രമീകരണങ്ങൾ ആവശ്യമാണ് എന്നും നമുക്ക് അഭിപ്രായമുണ്ട്. ഒരു വിഷയത്തെക്കുറിച്ച് ഒരാൾ ഒരു സമയം പ്രസംഗിക്കുന്നതായിരിക്കും നല്ലതു്. നിങ്ങളും അതിനോട് അനുകൂലിക്കുന്നുവെങ്കിൽ അടുത്ത യോഗം മുതൽ ആ രീതി നടപ്പിൽ വരുത്തുന്നതായിരിക്കും.

നമ്മുടെ സഭയ്ക്കു് ലഭ്യമായിക്കൊണ്ടിരിക്കുന്ന എല്ലാ നന്മകൾക്കും ദൈവത്തെ മഹത്വപ്പെടുത്തുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ?

പള്ളിയിൽ സ്ഥലസൗകര്യമില്ലാത്തതു പരിഗണിച്ചും, നിലവിലുള്ള മദ്ബഹായുടെ ആർച്ച് പൊട്ടിയിരിക്കുന്നതു് പരിഗണിച്ചും അതേസമയം പൗരാണിക മൂല്യങ്ങളും, കബറിൻെറ പരിശുദ്ധിയും നിലനിർത്തിക്കൊണ്ടും പള്ളി പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ ഈ വർഷംതന്നെ ആരംഭിക്കാമെന്നു് പ്രതീക്ഷിക്കുന്നു.

## മലങ്കര ഓർത്തഡോക്സ് ചർച്ച് എഡ്യൂക്കേഷൻ ആൻറ് സോഷ്യൽ സർവ്വീസ് സൊസൈററി

സൊസൈററി ഇപ്പോൾ അതിൻെറ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതു് കർണ്ണാടകാ സ്റ്റേററിൽ കാതോലിക്കേററ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് സ്ഥാപിക്കുന്നതിലാണ്. 1988–89-ൽ അതിൻെറ ഉദ്ദേശലക്ഷ്യങ്ങളിൽ വിവരിച്ചിട്ടുള്ള വിവിധ കാര്യങ്ങളിൽ സഭയ്ക്കും സമൂഹത്തിനും പ്രയോജനകരമായ കാര്യങ്ങളിൽ–കൂടുതലായി ശ്രദ്ധിക്കുമെന്നു് പ്രതീക്ഷിക്കാം. അതോടൊപ്പം കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിനുള്ള ശ്രമവും ഊർജ്ജിതപ്പെടുത്തുമെന്നുള്ള ശുഭ പ്രതീക്ഷയുമുണ്ട്. സൊസൈററിയുടെ അംഗങ്ങളായിട്ടില്ലാത്തവർ ഈ കമ്മററിയിൽതന്നെ ധാരാളം പേർ ഉണ്ടെന്നു് മനസ്സിലാക്കുന്നു. മാനേജിംഗ് കമ്മററിയിലെ എല്ലാ അംഗങ്ങളും സൊസൈററിയുടെ അംഗത്വം സ്വീകരിക്കണമെന്നു് അഭ്യർത്ഥിക്കുവാൻ ഈ അവസരംവിനിയോഗിക്കുന്നു.

(തുടരും)


**MAR AUGEN BOARDING HOME**

Attached to M. D. Seminary High School.
Kottayam

Phone: 2373

Manager H. G. Joseph Mar Pachomios
Admission started for Std V to X
(Both English & Malayalam Mediums)
Best Boarding Home for Boys, Supervised by Priests and dedicated teachers. Application forms can be had from the Boarding Office on payment of Rs. 10/–

Boarding Master





മാനേജിംഗ് കമ്മററി സ്പെഷ്യൽ മാനേജിംഗ് കമ്മററി സ്പെഷ്യൽ

Edited & Published by Shabaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K.P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam Kottayam-686 038